**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2925** **22-01-2021 - ൽ മറുപടിയ്ക്ക്**

**മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കുന്ന നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . വിൻസെൻറ് | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിന്റെ നികുതി വർദ്ധിപ്പിക്കുന്നതിലൂടെ മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും കുറഞ്ഞ അളവിൽ മദ്യം കഴിക്കുന്ന ശീലം ഉണ്ടാക്കുന്നതിനും കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; | (എ) | ഇതു സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. |
| (ബി) | കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിന് മദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടിയിലും വില്പന നികുതിയിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മദ്യത്തിന്മേലുള്ള വിൽപ്പന നികുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ എക്സൈസ് ഡ്യൂട്ടി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിനും, വിദേശ നിർമ്മിത വിദേശ മദ്യത്തിനും 35% നിരക്കിലും, ബിയറിനും വൈനിനും 10% നിരക്കിലും വിൽപ്പന നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന് മുൻപുള്ള നിരക്കും വർദ്ധിപ്പിച്ച നിരക്കും താഴെ പറയുന്നു. മുൻപുള്ള നിരക്ക് വർദ്ധിപ്പിച്ച നിരക്ക് ഇന്ത്യൻ നിർമ്മിത വിദേശ മദ്യം 202% മുതൽ 212% വരെ 237% മുതൽ 247% വരെ വിദേശ നിർമ്മിത വിദേശ മദ്യം 80% 115% ബിയർ 102% 112% |
| (സി) | ഇതിലൂടെ പ്രതിവർഷം എന്ത് തുക അധികമായി ലഭിക്കുമെന്ന് അറിയിക്കാമോ? | (സി) | ഇപ്രകാരം നിരക്ക് വർദ്ധിപ്പിച്ചതു വഴി മദ്യവിൽപ്പനയിലൂടെ സംസ്ഥാന സർക്കാരിന് 28/05/2020 തീയതി മുതൽ 31/12/2020 തീയതി വരെയുള്ള കാലയളവിൽ ഏകദേശം 855 കോടി രൂപയുടെ അധിക നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. ഇപ്പോഴത്തെ തോത് അനുസരിച്ച് ഏകദേശം 1518 കോടി രൂപയുടെ അധിക നികുതി വരുമാനം സംസ്ഥാന സർക്കാരിന് പ്രതിവർഷം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ